(ബി) റിട്ടയർമെന്റ്, ഹെഡ്മാസ്റ്റർ പ്രൊമോഷൻ എന്നിവ വഴി എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ടോ;

(സി) എൽ.പി./യു.പി. വിഭാഗങ്ങളിലായി എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഇപ്പോൾ ജോലി ചെയ്തുവരുന്നുണ്ട്;

(ഡി) എസ്.എസ്.എ.-യിൽ എൽ.പി./യു.പി. വിഭാഗങ്ങളിൽപ്പെട്ട എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ജോലി ചെയ്തു വരുന്നുണ്ട്;

(ഇ) കണ്ണൂർ ജില്ലയിൽ കുട്ടികൾ കുറവായതിനാൽ പൂട്ടിയ 6 സ്കൂളുകളിലെ എത്ര അദ്ധ്യാപകർക്ക് ഗവൺമെന്റ് സ്കൂളുകളിൽ പുനർനിയമനം നൽകിയിട്ടുണ്ട്; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) 2003-ൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്ന് 248 പേർക്ക് നിയമനം നൽകി.

(ബി) 58 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ തസ്തിക നഷ്ടപ്പെട്ട 37 ഒഴിവുകൾ അഡ്ജസ്റ്റു ചെയ്തശേഷം ബാക്കി 21 ഒഴിവുകളുടെ 65 ശതമാനം ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യാൻ കഴിയുന്നത്. ഈ 14 ഒഴിവുകളിൽ 7 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തു. ബാക്കി 7 ഒഴിവുകൾ ഉടനെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) 32.

(ഡി) 56.

(ഇ) 20 അദ്ധ്യാപകർക്ക് ഗവ: സ്കൂളുകളിൽ പുനർനിയമനം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

കാസർഗോഡ് ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന ഹെഡ്മാസ്റ്റർ തസ്തികകൾ

199 [1590] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന എത്ര സ്കൂളുകൾ ഉണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 46 സർക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മലയാളം മീഡിയം .. 39
കന്നഡ മീഡിയം .. 7

(ബി) ഉണ്ട്.

(സി) പ്രമോഷന് അർഹതപ്പെട്ടവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 7-7-2005-ൽ കൂടിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയവർക്ക് പ്രൊമോഷൻ നൽകി, ഒഴിഞ്ഞു കിടക്കുന്ന എല്ലാ ഹെഡ്മാസ്റ്റർ തസ്തികകളിലും ഉടൻതന്നെ നിയമനം നടത്തുന്നതാണ്.

പാഠപുസ്തകങ്ങൾ അച്ചടിക്കുന്ന പ്രസ്സുകൾ

200 [1592] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ കേരളത്തിലെ പാഠപുസ്തകങ്ങൾ ഏതെല്ലാം പ്രസ്സുകളിലാണ് അച്ചടിച്ചുകൊണ്ടിരുന്നത്;

(ബി) ഈ വർഷം (2005-06) പാഠപുസ്തകങ്ങൾ ഏതെല്ലാം പ്രസ്സുകളിലാണ് അച്ചടിക്കുന്നത്;

(സി) ഇതിൽ സ്വകാര്യ പ്രസ്സുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം;

(ഡി) മുൻ വർഷങ്ങളിൽ സ്വകാര്യ പ്രസ്സുകളിലും കെ. ബി. പി. എസ്സിലും സർക്കാർ പ്രസ്സിലും ഏതെല്ലാം നിരക്കിൽ ആണ് പാഠപുസ്തകം അച്ചടിച്ചുകൊണ്ടിരിക്കുന്നത്; ഇപ്പോൾ കെ. ബി. പി. എസ്. ഏതു നിരക്കിലാണ് അച്ചടിക്കുന്നത്;

(ഇ) ഈ ഇനത്തിൽ സ്വകാര്യ പ്രസ്സിൽ അച്ചടിക്കുന്നതിനേക്കാൾ കൂടുതലായി 2005-06 വർഷം കെ. ബി. പി. എസ്സിലും സർക്കാർ പ്രസ്സിലും പാഠപുസ്തകങ്ങൾ അച്ചടിച്ചതുകൊണ്ട് എന്തുതുക സർക്കാരിന് അധികമായി ചെലവാക്കേണ്ടിവരുന്നു;

(എഫ്) വേസ്റ്റേജ് ഇനത്തിൽ സ്വകാര്യ പ്രസ്സിനും/കെ. ബി. പി. എസ്സിനും/സർക്കാർ പ്രസ്സിനും എന്ത് നിരക്കിലാണ് അനുവദിക്കുന്നത്; ഈ ഇനത്തിൽ സർക്കാരിന് എന്തുതുക അധികമായി ചെലവഴിക്കേണ്ടിവരുന്നു;

(ജി) സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കുന്ന പാഠപുസ്തകങ്ങൾ അവർ സ്വന്തം ചെലവിൽ തിരുവനന്തപുരം, ഷൊർണ്ണൂർ പാഠപുസ്തക സ്റ്റോറുകളിൽ എത്തിക്കുമ്പോൾ കെ. ബി. പി. എസ്സിലും/സർക്കാർ പ്രസ്സിലും പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതുമൂലം ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ എന്തു തുക അധികമായി ചെലവഴിക്കേണ്ടി വരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ഗവൺമെന്റ് പ്രസ്സുകൾ.
2. കേരള ബുക്സ് ആൻറ് പബ്ലിക്കേഷൻസ് സൊസൈറ്റി.
3. കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആൻറ് റിപ്രോഗ്രാഫിക് സെൻറർ.
4. മൽസര ടെൻഡറുകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ പ്രസ്സുകൾ.

LIBRARY ARCHIVES Kerala Legislative Assembly